# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 641</u> <u>01.12.2015-ൽ മറുപടിയ്ക്ക്</u>

## <u>പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം</u>

<u>ചോദ്യം</u>
**ശ്രീ.കെ.വി.വിജയദാസ്**

<u>മറുപടി</u>
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹു.മന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേംബറിൽ 17.12.2014-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | എ) | പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 16 പേർക്ക് വീടനുവദിച്ചു. നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ കോളനിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോളനിയുടെ ചുറ്റും ഫെൻസിംഗ് ചെയ്യുന്നതിന് മണ്ണാർക്കാട് ഡി.എഫ്.ഒ വഴി നടപടി സ്വീകരിച്ചു വരുന്നു. വനം വകുപ്പ്, എക്സൈസ്, ആരോഗ്യം, പഞ്ചായത്ത്, എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയും ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ടി കോളനിയിലെ കുട്ടികൾക്കായി ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോളനിയിലുള്ള 19 പേർക്ക് ചികിത്സാ ധനസഹായം ഇനത്തിൽ 20,500/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇക്കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ; | ബി) & സി) | ഈ കാര്യത്തിൽ പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പ്രസ്തുത യോഗം കഴിഞ്ഞിട്ട് 11 മാസങ്ങൾ പിന്നിട്ടിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത, കൃത്യനിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | | |
| ഡി) | നാളിതുവരെ ഒരു പുരോഗതി വിവരം പോലും നൽകിയിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കുമോ? | ഡി) | പുരോഗതി വിവരം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ